<u>പ്രത്യേക പരാമർശം</u>

## <u>മലയാളി നഴ്സുമാരുടെ മോചനം</u>

<u>മി. സ്പീക്കർ</u>: ഇറാഖിലെ സംഘർഷമേഖലയിൽ നിന്നും 46 നഴ്സുമാർ കഴിഞ്ഞ ദിവസം തിരികെയെത്തിയത് ആശ്വാസം നൽകുന്ന ഒന്നാണ്. ഇവരുൾപ്പെടെ 180 ഇൻഡ്യാക്കാരാണ് സുരക്ഷിതമായി ഇൻഡ്യയിലെത്തിച്ചേർന്നത്. ഇവരിൽ 45 നഴ്സുമാരും മലയാളികളായിരുന്നു. സംഘർഷമേഖലയിൽ നിന്നും ഇവരെ തിരികെയെത്തിച്ചത് നമ്മുടെ നയതന്ത്രചരിത്രത്തിലെ വിജയകരമായ അദ്ധ്യായമായി നമുക്ക് കാണാം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ഇടപെടലുകളും നിർണ്ണായകമായ തീരുമാനങ്ങളുമാണ് ദിവസങ്ങൾ നീണ്ടുനിന്ന അനിശ്ചിതത്വത്തിന് വിരാമമിട്ടത്. ഇതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളെ നമുക്ക് അഭിനന്ദിക്കാം. മലയാളി നഴ്സുമാരുടെ കാര്യത്തിൽ അതീവ ഉത്ക്കണ്ഠാകുലരായിരുന്ന ബന്ധുക്കളുടെയും കേരളീയ സമൂഹത്തിന്റെയും ആശങ്കകൾ പരിഹരിക്കാൻ കേന്ദ്ര വിദേശകാര്യമന്ത്രി ശ്രീമതി സുഷമ സ്വരാജും, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വിദേശകാര്യമന്ത്രാലയവും ഇറാഖിലെ ഇൻഡ്യൻ എമ്പസിയും, മലയാളിയായ അംബാസിഡറും സമയബന്ധിതമായി നടത്തിയ ഇടപെടലുകൾ എടുത്തു പറയേണ്ടതാണ്. ഇറാഖിൽ ഇനിയും ധാരാളം ഇൻഡ്യാക്കാരുണ്ട്. അവരിൽ മലയാളികളുടെ എണ്ണവും കുറവല്ല. ലോകത്ത് എല്ലായിടത്തും മലയാളികൾ ഉപജീവനത്തിനായി പോയിട്ടുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും അശാന്തിയുടെ അന്തരീക്ഷം വളരുന്നുവെന്നത് നമുക്ക് കൂടുതൽ

ജാഗ്രത പാലിക്കേണ്ട സമയമാണെന്ന വസ്തുത ഓർമ്മിപ്പിക്കുന്നതാണ്. കലാപഭൂമിയിൽനിന്നും എല്ലാവരെയും മോചിപ്പിക്കാൻ നമുക്ക് സാധിക്കണം. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ഒത്തൊരു മിച്ചുള്ള പ്രവർത്തനമാണ് ഇതിന് ആവശ്യം. അതിനനുസരിച്ചുള്ള ജാഗ്രത യോടുകൂടിയ പ്രവർത്തനങ്ങൾ തുടർന്നും ഉണ്ടാകട്ടേയെന്ന് ചെയർ ആഗ്രഹി ക്കുന്നു, സഭയും ആഗ്രഹിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇറാഖിൽനിന്നും ഈ 46 നഴ്സുമാർ തിരിച്ചെത്തിയത് എല്ലാവർക്കും ആശ്വാസം നൽകുന്ന കാര്യമാണ്. അതിന് സഹകരിച്ച എല്ലാവരോടും അങ്ങേയറ്റത്തെ നന്ദി സംസ്ഥാന ഗവൺമെന്റിനുവേണ്ടി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുക യാണ്. കേന്ദ്ര വിദേശകാര്യവകുപ്പുമന്ത്രി ശ്രീമതി സുഷമ സ്വരാജും, വിദേശ മന്ത്രാലയവും ഈ കാര്യത്തിൽ അങ്ങേയറ്റത്തെ താല്പര്യമുണ്ട്. സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട എല്ലാകാര്യങ്ങളും അതാത് സമയത്ത് അവർ ചെയ്തുതന്നു എന്നത് ഞാൻ പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുക യാണ്. ഇൻഡ്യൻ എമ്പസി, അങ്ങ് പറഞ്ഞതുപോലെ മലയാളിയായ ശ്രീ. അജിത്കുമാറായിരുന്നു അവിടത്തെ അംബാസിഡർ. അദ്ദേഹത്തെ ഫോണിൽ വിളിച്ചപ്പോൾ പറഞ്ഞു എന്റെ ഫോൺ നമ്പർ നിങ്ങളുടെ മലയാളി നഴ്സുമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൊടുക്കാനും അവർക്ക് ഏതു സമയത്തും വിളിക്കാവുന്നതുമാണെന്നാണ്. അദ്ദേഹത്തിന്റെ ആ പ്രവർത്തനം അവർക്കെല്ലാം വലിയ ആശ്വാസമായി. കേന്ദ്ര ഗവൺമെന്റ് രണ്ടുദ്യോഗസ്ഥരെ അങ്ങോട്ടയച്ചു. അവിടത്തെ മുൻ അംബാസിഡർ ശ്രീ.

സന്തോഷ് റെഡ്ഡിയും, മലയാളിയായ ഐ.എഫ്.എസ്. ഓഫീസർ, ഈജിപ്റ്റ് എമ്പസിയിൽ വർക്ക് ചെയ്യുകയായിരുന്ന ശ്രീ. അബു മാത്തൻ ജോർജ്, ഇവരെ ഒഴിപ്പിക്കാനുള്ള ഉത്തരവാദിത്വം ഏൽക്കാമെന്ന് സ്വയംപറഞ്ഞു കൊണ്ട് അദ്ദേഹം മുന്നോട്ടുവന്നു. അവരുടെയെല്ലാം പൂർണ്ണമായിട്ടുള്ള സഹകരണമുണ്ടായി. എല്ലാവരോടും നന്ദി പറയാൻ ഈ അവസരം ഞാനുപയോഗിക്കുകയാണ്. ഇന്നിപ്പോൾ ഇതിന്റെ ക്രെഡിറ്റ് ആർക്കാണ് എന്നൊക്കെയുള്ള വാർത്ത വരുന്നുണ്ട്. ഞാൻ പറയുകയാണെങ്കിൽ പറയും, ഞാനൊരു ഈശ്വര വിശ്വാസിയാണ്. ലക്ഷക്കണക്കിന് ജനങ്ങളുടെ പ്രാർത്ഥ നയാണ് ഇവരുടെ മോചനത്തിന് ഇടയായത് എന്ന അഭിപ്രായം തുറന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതുകഴിഞ്ഞ് ആർക്കെങ്കിലും ഒരു ക്രെഡിറ്റുണ്ടെങ്കിൽ ഈ 46 നഴ്സുമാർക്കുമാണ്. അവർ കാണിച്ച മനോധൈര്യം എത്ര പറഞ്ഞാലും മതിയാവില്ല. ഞാൻ അവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. അവരുമായി സംസാരിക്കുന്ന അവസരത്തിൽ ബോംബ് പൊട്ടുന്ന ശബ്ദം കേൾക്കാമായിരുന്നു. ആ സമയംതന്നെ വിമതർ തോക്കുമായി വന്ന് കതക് മുട്ടി വിളിച്ച് അവരോട് ഉടൻ ഇറങ്ങണമെന്ന് പറയാൻവേണ്ടി എത്തിയിരിക്കുന്നു എന്നു പറഞ്ഞ് എല്ലാവരും കരയുന്ന ശബ്ദം കേട്ടിട്ടുണ്ട്. ഈയവസരത്തിലെല്ലാം അവർ കാട്ടിയിട്ടുള്ള മനോ ധൈര്യം വളരെ വലുതായിരുന്നു. ഈ കാര്യത്തിൽ നമ്മൾ എല്ലാവരോടും കടപ്പെട്ടിരിക്കുകയാണ്. രാഷ്ട്രീയത്തിനതീതമായി മനുഷ്യത്വത്തിനുവേണ്ടി നടത്തിയ ഒരു യോജിച്ച പ്രവർത്തനത്തിന്റെ വിജയമായിട്ട് മാത്രമാണ് ഞാനി തിനെ കാണുന്നത്. അവർ വന്നതിൽ നമ്മൾ ആശ്വാസം കൊള്ളു മ്പോൾതന്നെ നമ്മളൊക്കെ ചിന്തിക്കുന്ന ഒരു കാര്യമുണ്ട്, അത് ഈ സഭയിൽ

പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലോകത്തിലെവിടെ പ്രതിസന്ധിയുണ്ടായാലും കേരളത്തിൽ അതിന്റേതായ ബുദ്ധിമുട്ടേറിയ സാഹചര്യമാണുണ്ടാകുന്നത്. കുവൈറ്റിൽ നിന്നും ലക്ഷക്കണക്കിനാളുകളെ ഒഴിപ്പിച്ചപ്പോൾ ലോകത്തിൽ ഏറ്റവുമധികം വേദന അനുഭവിച്ചത് കേരളമാണ്. അടുത്ത കാലത്ത് ഉക്രെയിനിൽ 400 മലയാളി വിദ്യാർത്ഥികളാണ് കുടുങ്ങിയത്. അതുപോലെ യമനിൽ, ഇപ്പോൾ ഇറാഖിൽ, നമ്മളൊന്ന് ചിന്തിക്കണ്ടേ? എന്തുകൊണ്ടാണ് നമ്മുടെ കുട്ടികൾ ഉപരിപഠനത്തിനുവേണ്ടി വിദേശത്തേയ്ക്ക് പോകേണ്ടി വരുന്നത്? ഇവരെന്തുകൊണ്ടാണ് ജോലിക്കുവേണ്ടി, ജീവിക്കാൻവേണ്ടി ലോകം മുഴുവനും പോകുന്നത്? ഇവിടെ സാധിക്കില്ലേ; നമ്മൾ ചിന്തിക്കേണ്ട കാര്യമാണ്. ഇന്നലത്തെ പത്രത്തിൽതന്നെ വന്ന ഒരു വാർത്തയുണ്ട്. നമ്മൾ ഇത്രയേറെ ടെൻഷനിലിരുന്ന് ഇവരെ കൊണ്ടുവന്നപ്പോൾ ഇറാക്കിലേക്ക് തിരിച്ചുപോയിരിക്കുന്നു. ജീവിക്കാൻവേണ്ടി പാടുപെടുന്ന ഒരു ശ്രമം നമുക്കവിടെ കാണാൻ പറ്റും. എന്നെ ഇറാഖിൽ നിന്ന് ഒരു മലയാളി നഴ്സ് വിളിച്ചിട്ട് പറഞ്ഞു ഞങ്ങൾക്കിവിടെ അപകട ഭീഷണിയൊന്നുമില്ല. ഞങ്ങൾക്കിവിടെ തുടരാനാണ് ആഗ്രഹം. അപ്പോൾ ഞാൻ പറഞ്ഞു, നിങ്ങൾ തുടർന്നോളൂ, നിർബന്ധിച്ച് ആരെയും കൊണ്ടുവരുന്നില്ല. വരാൻ തയ്യാറായിട്ടുള്ളവരെ മാത്രമേ കൊണ്ടുവരുന്നുള്ളൂയെന്ന്. അപ്പോൾ അവർ പറഞ്ഞു. ഇൻഡ്യാ ഗവൺമെന്റ് ട്രാവൽ ബാൻ ഏർപ്പെടുത്തിയിരിക്കുകയാണ്. ഞങ്ങൾക്ക് വീട്ടിൽ വരണം. പക്ഷെ, വീട്ടിൽ വന്നാൽ തിരിച്ചു പോകാൻ പറ്റില്ല, ജോലി നഷ്ടപ്പെടും. ജീവിക്കാൻ വേണ്ടി പാടുപെടുന്ന നിരവധിയാളുകൾ അവരുടെ ജീവിതപ്രയാസങ്ങളിൽക്കിടന്ന് നട്ടം തിരിയുകയാണ്. നമ്മൾ ചിന്തിക്കണം, നമ്മുടെ കുട്ടികൾക്ക് ഇവിടെ

ഉപരിപഠനത്തിനുള്ള അവസരമുണ്ടാക്കിക്കൊടുത്തുകൂടേ; ഇവർക്ക് ജീവിക്കാനുള്ള തൊഴിലവസരങ്ങൾ ഇവിടെ സൃഷ്ടിച്ചുകൂടെ; നമ്മൾ മനസ്സുവച്ചാൽ അത് സാധിക്കും. അതിനുകൂടി നമ്മുടെ മനസ്സുതുറക്കേണ്ട ഒരവസരമാണെന്ന് പറയുന്നു. ഞാൻ ഒരിക്കൽകൂടി ഇതിനോട് സഹകരിച്ചിട്ടുള്ള എല്ലാവരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇറാഖിൽ കുടുങ്ങിയ 46 നഴ്സുമാരെ നാട്ടിലെത്തിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തിയ ശ്രമങ്ങൾ ആശ്വാസകരമാണെന്ന് ഞാൻ നേരത്തെതന്നെ പ്രസ്താവിച്ചിരുന്നതാണ്. എന്നാൽ ഇതിനൊരു മറുവശം കൂടിയുണ്ട്, അത് കാണാതിരുന്നുകൂടാ. സദ്ദാം ഹുസൈന്റെ പട്ടാളക്കാർ കാട്ടിയ അത്യന്തം മനുഷ്യസ്നേഹപരമായ സമീപനംകൊണ്ടാണ് നമ്മുടെ സഹോദരിമാർക്ക് നാട്ടിലേക്ക് മടങ്ങാൻ സാധിച്ചത്. സഹോദരിമാരോട് എന്നപോലെതന്നെയാണ് ആ പട്ടാളക്കാർ തങ്ങളോട് പെരുമാറിയത് എന്നാണ് തിരിച്ചെത്തിയ അവർ പറഞ്ഞത്. ഒരു നോട്ടം കൊണ്ടുപോലും അവർ തങ്ങളെ ബുദ്ധിമുട്ടിച്ചില്ലായെന്നും നഴ്സുമാർ നന്ദിപൂർവ്വം പറയുകയുണ്ടായി. അങ്ങനെ സ്നേഹമസൃണമായി പെരുമാറിയ പട്ടാളക്കാർ ഭീകരർ എന്നുപറഞ്ഞാണ് നമ്മിൽ പലരും ആക്ഷേപിക്കുന്നതെന്ന കാര്യം ഓർക്കണം. സദ്ദാം ഹുസൈന്റെ പട്ടാളക്കാർ കാട്ടിയ മനുഷ്യസ്നേഹപരമായ സമീപനം, പോരാട്ടം നടത്തുന്ന അവരോട് തിരിച്ചും കാണിക്കാനുള്ള സന്മനസ്സ് നമുക്കുണ്ടാകണം. ഇനിയും നിരവധി നഴ്സുമാരടക്കമുള്ള മലയാളികൾ ഇറാഖിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ വന്നിട്ടുള്ളത്. അവരെക്കൂടി സുരക്ഷിതമായി നാട്ടി

ലെത്തിക്കാൻ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പംതന്നെ മടങ്ങി വന്നവരെയും ഇനി വരുന്നവരെയും പുന:രധിവസിപ്പിക്കാനുള്ള നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കണം. ലക്ഷങ്ങൾ വിദ്യാഭ്യാസ വായ്പയെടുത്തും, ഏജൻസികൾക്ക് നൽകിയുമാണ് ഇവരെല്ലാ വരും ഇറാഖിൽ ജോലി തേടിപ്പോയത്. പലരും കുടുംബത്തിന്റെ ഏക ആശ്രയവുമാണ്. ചെയ്ത ജോലിയുടെ ശമ്പളംപോലും വാങ്ങാൻ കഴിയാതെയാണ് അവർ തിരിച്ചെത്തിയിരിക്കുന്നത്. ഇത് കണക്കിലെടുത്ത് ഈ നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പ പൂർണ്ണമായും എഴുതിത്തള്ളാൻ ബാങ്കുകൾ തയ്യാറാവണം. അതിനാവശ്യമായ നടപടികൾ ബാങ്കുകളെക്കൊണ്ട് എടുപ്പിക്കാൻ സർക്കാർ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞ രണ്ട് കാര്യങ്ങളിൽ ഒന്ന്, ഇറാഖിൽ കുടുങ്ങിക്കിടക്കുന്നവരെക്കൂടി കൊണ്ടുവരണമെന്നുള്ളതാണ്. തിരിച്ചുവരാൻ ആഗ്രഹിക്കുന്ന എല്ലാവരേയും കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ശ്രദ്ധമുഴുവൻ ഈ 46 നഴ്സുമാരുടെ കാര്യത്തിലായതിനാൽ മറ്റുകാര്യങ്ങളിൽ അല്പം സാവകാശം വന്നിട്ടുണ്ട് എന്നത് സത്യമാണ്. പാസ്പോർട്ട് കയ്യിലില്ല അത് കിട്ടിയാൽ പോരാൻ തയ്യാറാണ് എന്ന് അറിയിച്ചിട്ടുള്ളവരുടെയെല്ലാം ലിസ്റ്റ് ‘നോർക്ക’ എടുക്കുകയും അത് ഇന്ത്യൻ എംബസിക്കും വിദേശ മന്ത്രാലയത്തിനും കൈമാറിയിട്ടുമുണ്ട്. ഞാൻ ഇന്നലെ വൈകിട്ട് ഇന്ത്യൻ അംബാസിഡറുമായി സംസാരിച്ചപ്പോൾ തിരികെ

വരാൻ ആഗ്രഹിക്കുന്ന എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള സൗകര്യം, ടിക്കറ്റില്ലെങ്കിൽ ടിക്കറ്റ് എടുത്തുകൊടുക്കാനുള്ള സൗകര്യങ്ങളുൾപ്പെടെ അവർതന്നെ ചെയ്തുകൊടുക്കുമെന്ന് വ്യക്തമാക്കുകയുണ്ടായി. തിരികെവന്ന വരുടെ റീഹാബിലിറ്റേഷനെക്കുറിച്ച് പറയുകയുണ്ടായി. ഞങ്ങൾ അതിനെ ക്കുറിച്ച് ആലോചിച്ചു. നിരവധി ആളുകൾ ഇവരെ സഹായിക്കാനായി മുന്നോട്ടുവന്നിട്ടുണ്ട്. അവരുടെ തുടർന്നുള്ള ജോലിയും കടബാധ്യതയും പ്രധാനമായിട്ടുള്ളതാണ്. ഇതു രണ്ടും വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. സഹായിക്കാൻ മുന്നോട്ടുവന്നിട്ടുള്ള എല്ലാവരു മായും ഗവൺമെന്റ് ബന്ധപ്പെട്ടു. കടബാധ്യതയുടെ കാര്യത്തിലും ജോലി യുടെ കാര്യത്തിലും വാഗ്ദാനം ചെയ്തിട്ടുള്ളവരുമായി ബന്ധപ്പെട്ട് തുടർനടപടികൾ എടുക്കുന്നതിനുള്ള തീരുമാനമായി. 11-ാം തീയതി വെള്ളി യാഴ്ച 46 പേരെയും..... 45 പേർ മലയാളികളാണ്. ഒരാൾ തൂത്തുക്കുടി സ്വദേശിനിയാണെങ്കിലും അവരെയും ഇതിന്റെ ഭാഗമായിതന്നെയാണ് കാണു ന്നത്. കാരണം നമ്മൾ പറഞ്ഞതനുസരിച്ചാണ് അവർ എല്ലാ കാര്യങ്ങളിലും സഹകരിച്ച് നിന്നത്. 46 പേരേയും സഹായ വാഗ്ദാനം ചെയ്തിട്ടുള്ളവ രേയും തിരുവനന്തപുരത്ത് വിളിച്ചുകൂട്ടി 46 പേരുടേയും ഭാവി തൊഴിലും അവരുടെ കടബാധ്യതയേയും സംബന്ധിച്ചൊരു തീരുമാനമുണ്ടാക്കും. എവിടെയെങ്കിലും ഷോർട്ട്ഫാൾ വന്നാൽ, വാഗ്ദാനം ചെയ്തിട്ടുള്ളവരെ ക്കൊണ്ടുമാത്രം ഇത് പൂർത്തിയാവുന്നില്ലെങ്കിൽ അവിടെ എന്തുവേണമെ ങ്കിലും ഗവൺമെന്റ് ചെയ്യുന്നതാണ്. വളരെയധികം സഹൃദയരായ ആളുകൾ മുന്നോട്ട് വന്നിട്ടുള്ളതിനാൽ അവരുടെ സഹായത്തോടുകൂടി ഈ രണ്ട് ലക്ഷ്യവും നേടാൻ സാധിക്കുമെന്ന വിശ്വാസമാണുള്ളത്. ബഹുമാന്യനായ

പ്രതിപക്ഷനേതാവും 11–ാം തീയതി കൂടുന്ന ആ യോഗത്തിൽ പങ്കെടുക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അദ്ദേഹത്തേയും ബന്ധപ്പെട്ട എല്ലാവരേയും ക്ഷണിച്ചുകൊണ്ട് തീരുമാനമുണ്ടാക്കും. ഇക്കാര്യത്തിൽ ഒത്തൊരുമയോടെ നിന്നുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നമുക്ക് ശ്രമിക്കാം. ഇനി വരാൻ ആഗ്രഹിക്കുന്നവരുടെ കാര്യത്തിലും ഗവൺമെന്റ് പരമാവധി ശ്രദ്ധ ചെലുത്തുമെന്നുകൂടി പറയുന്നു.